# ഹയർസെക്കൻഡറി അധിക ബാച്ച്: 113 തസ്തികകൾ കൂടി

- ധനവകുപ്പിൻെറ അംഗീകാരം കൂടി ലഭിച്ച് എട്ട് മാസത്തിന് ശേഷമാണ് ഈ ഭാഗിക അംഗീകാരം

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഹയർസെക്കൻഡറികളിൽ 2011 -12 വർഷത്തിൽ അനുവദിച്ച അധിക ബാച്ചുകളിലേക്ക് പുതുതായി 113 അധ്യാപക തസ്തികകൾ കൂടി അനുവദിച്ച് ഉത്തരവായി.

അധിക ബാച്ചുകളിലേക്ക് നേരത്തേ തസ്തിക അനുവദിച്ചപ്പോൾ ഉണ്ടായ കുറവ് പരിഹരിക്കാനാണ് പുതിയ തസ്തികകൾ അനുവദിച്ചത്.

അഞ്ച് എച്ച്.എസ്.എസ്.ടി തസ്തികയും 55 എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികയും 53 ജൂനിയർ തസ്തികകളുടെ അപ്ഗ്രഡേഷനും അനുവദിച്ചാണ് പൊതുവിദ്യാഭ്യാസ വകുപ്പിൻെറ ഉത്തരവ്.

അധിക ബാച്ച് അനുവദിച്ച 345 എയ്ഡഡ് ഹയർസെക്കൻഡറികളിലേക്ക് നേരത്തേ തസ്തിക സൃഷ്ടിച്ചപ്പോൾ 182 എണ്ണം ധനവകുപ്പ് വെട്ടിക്കുറയ്ക്കുകയായിരുന്നു. ഇതിൽ 112 എണ്ണമാണ് ഇപ്പോൾ അനുവദിച്ചത്. ആറ് എച്ച്.എസ്.എസ്.ടി, 44 എച്ച്.എസ്.എസ്.ടി ജൂനിയർ, 19 ജൂനിയർ അപ്ഗ്രഡേഷൻ എന്നിവയാണ് ഇത്തവണ ധനവകുപ്പ് വെട്ടിക്കുറച്ചത്.

പുതുതായി സൃഷ്ടിച്ച തസ്തികകളിലേക്കുള്ള നിയമനം കെ.ഇ.ആർ ചട്ടമനുസരിച്ചാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ ഹയർസെക്കൻഡറി ഡയറക്ടർക്ക് നിർദേശവുമുണ്ട്. നേരത്തേ തസ്തിക സൃഷ്ടിച്ചതിലുണ്ടായ പിഴവുകൾ 2013 ഒക്ടോബർ 11ന് കത്തിലൂടെ ഹയർസെക്കൻഡറി ഡയറക്ടർ അറിയിച്ചിരുന്നു.

ധനവകുപ്പിൻെറ അംഗീകാരം കൂടി ലഭിച്ച് എട്ട് മാസത്തിന് ശേഷമാണ് ഇതിന് ഭാഗിക അംഗീകാരമാകുന്നത്.

എന്നാൽ, ഹയർസെക്കൻഡറി ഡയറക്ടറേറ്റ് സമർപ്പിച്ചതിൽനിന്ന് ധനവകുപ്പ് തസ്തികകൾ വെട്ടിക്കുറച്ചതിലും ആക്ഷേപം ഉയർന്നിട്ടുണ്ട്.

ചില സ്കൂളുകളിൽ ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ അനുവദിച്ചപ്പോൾ ഇതേ ജോലി ഭാരമുള്ള ചില സ്കൂളുകളിലെ തസ്തികകളാണ് വെട്ടിക്കുറച്ചതെന്ന് കെ.എച്ച്.എസ്.ടി.യു സംസ്ഥാന പ്രസിഡൻറ് കെ.ടി അബ്ദുല്ലത്തീഫ് പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

ഈ അപാകത കൂടി പരിഹരിക്കാൻ സർക്കാർ തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.